## പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1587

12.06.2019 - ൽ മറുപടിയ്ക്ക്

### കേരള കാർഷിക സർവ്വകലാശാലയുടെ അക്രഡിറ്റേഷൻ സംബന്ധിച്ച്

| ചോദ്യം<br>ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ | മറുപടി<br>ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|
| എ) കേരള കാർഷികസർവ്വകലാശാലക്ക് ഇന്ത്യൻ കാർഷികഗവേഷണ കൗൺസിലിന്റെ കീഴിലുള്ള നാഷണൽ അഗ്രികൾച്ചറൽ എഡ്യൂക്കേഷൻ ബോർഡിന്റെ അക്രഡിറ്റേഷൻ നഷ്ടമായിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണമെന്താണെന്ന് അറിയിക്കാമോ;<br><br>ബി) മാർച്ച് 10 നകം അക്രഡിറ്റേഷൻ പുതുക്കുവാൻ വേണ്ട രേഖകൾ സമർപ്പിക്കണമെന്ന നിർദ്ദേശം പാലിക്കുവാൻ ബന്ധപ്പെട്ടവർക്ക് സാധിക്കാതെ വന്നത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ; | (എ) യും (ബി) യും<br><br>നഷ്ടമായിട്ടില്ല. കേരള കാർഷിക സർവ്വകാലശാലയുടെ അക്രഡിറ്റേഷൻ കാലാവധി അവസാനിക്കുന്ന 2019 മാർച്ച്-10 ന് മുൻപ് 04/02/2019 ൽ തന്നെ അക്രഡിറ്റേഷൻ പുതുക്കുന്നതിനുള്ള അപേക്ഷ കാർഷിക സർവ്വകാലശാല സമർപ്പിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ അക്രഡിറ്റേഷൻ പുതുക്കി നൽകുന്നത് സംബന്ധിച്ച് തുടർ നടപടി ഐ.സി.എ.ആർ. സ്വീകരിച്ചുവരുന്നു. |
| സി) കാർഷികസർവ്വകലാശാലയുടെ നിലവാരം ഉയർത്തുവാൻ മുമ്പ് കൗൺസിൽ നൽകിയ നിർദ്ദേശങ്ങൾ നടപ്പിലാക്കിയിട്ടുണ്ടോ; | സി) ഉണ്ട്. |
| ഡി) അക്രഡിറ്റേഷൻ നഷ്ടമായത് പ്രസ്തുത സർവ്വകലാശാലയിൽ പഠിക്കുന്ന വിദ്യാർത്ഥികളെ ദോഷകരമായി ബാധിക്കുമെന്നതിനാൽ ഇക്കാര്യത്തിൽ അടിയന്തിര ഇടപെടൽ നടത്തി അക്രഡിറ്റേഷൻ വീണ്ടെടുക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ? | ഡി) ഐ.സി.എ.ആർ.ന്റെ സ്റ്റേറ്റ് അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റികളുടെ പട്ടികയിൽ കേരള കാർഷിക സർവ്വകലാശാലയുടെ പേരും ഇപ്പോഴും നിലനിൽക്കുന്നുണ്ട്. അക്രഡിറ്റേഷൻ പുതുക്കുന്നതുമായി ബന്ധപ്പെട്ട് താൽക്കാലികമായ കാലതാമസം മാത്രമെയുള്ളൂ. വിദ്യാർത്ഥികളുടെ തുടർ പഠനത്തെയും കാർഷിക സർവ്വകലാശാലയ്ക്ക് ലഭിക്കുന്ന ഐ.സി.എ.ആർ.ന്റെ സാമ്പത്തിക സഹായത്തെയും ഇത് പ്രതികൂലമായി ബാധിക്കില്ല. |

സെക്ഷൻ ഓഫീസർ